**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3612** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ ക്വാളിറ്റി ഇറോഷൻ പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതുതായി ഏതെല്ലാം ബിരുദ-ബിരുദാനന്തര കോഴ്സുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | വിവിധ സർവകലാശാലകളിൽ ബിരുദ ബിരുദാനന്തര തലത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന നൂതന/പുത്തൻ തലമുറ കോഴ്സുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :<br>**<u>കേരള സർവകലാശാല</u>**<br><br>കേരള സർവകലാശാല പഠനഗവേഷണ വകുപ്പുകളിൽ ആരംഭിച്ച ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :<br><br>നാലു വർഷ ബിരുദ പ്രോഗ്രാമുകൾ<br><br><u>B.Sc Honours with Research</u><br><br>1. Biology<br>2. Physics<br>3. Computer Science<br>4. Chemistry<br>5. Mathematics<br>6. Geology<br>7. Psychology<br><br><u>BA Honours with Research</u><br><br>• 8. Politics and International Relations<br>• 9. Economics<br>• 10.History<br>• 11. Hindi<br>• 12. Malayalam and Kerala Studies<br>• 13. English<br>• 14. Sanskrit<br>• 15. B.Com Honours with Research<br>• 16. BBA Honours with Research<br><br>16 നാലുവർഷ ബിരുദ പ്രോഗ്രാമുകളിലുമായി നിരവധി മൈനർ പ്രോഗ്രാമുകളും ലഭ്യമാക്കിയിരിക്കുന്നു. |

വിവരങ്ങൾ ചുവടെ ചേർക്കുന്നു :

A. B.Sc Honours with Research

Basket of Minor: Environmental Science/ Electronics/ Nano Science/ Artificial Intelligence/ Data Science/ Renewable Energy/ Functional Materials/ Data Analytics/ Machine Learning/ Robotics/ Space Science/ Genomics/ Bioinformatics/ Integrative Biology/ Biodiversity Conservation Biotechnology/ Biochemistry/ Industrial Biology/ Clinical Biology/ Aquatic Biology/ Demography.

B. B.A Honours with Research

Basket of Minor: Tamil/ Journalism/ Information Science/ German/ Russian/ Arabic/ French/ Archaeology/ Philosophy/ Sociology/ West Asian Studies/ Manuscriptology/ Linguistics

C. Commerce and Management

Basket of Minor: Finance and Taxation Management/ Public Law and IPR/ Supply Chain and Logistics/ Blue Economy Business Analytics/ Accounts and Audit/ Travel and Tourism/ Environmental Finance/ Corporate Finance/ Hospitality Management/ Cyber Security.

ബിരുദാനന്തര പ്രോഗ്രാമുകൾ

1. MBA Shipping and Logistics
2. MA Manuscriptology and Paleography

**കാലിക്കറ്റ് സർവകലാശാല**

B.Sc. Nutrition and Dietetics Honours, ബി.എ. മോഹിനിയാട്ടം, ബി.എ. ഭാരതനാട്യം, ബി.എ.ജൻഡർ ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ്, ബി.എ. റൂറൽ ഡെവലപ്മെന്റ് ആൻഡ് ഗവെർണൻസ് എന്നിവ കാലിക്കറ്റ് സർവകലാശാലയിൽ പുതുതായി തുടങ്ങാനായി പ്രൊപോസൽ ലഭിച്ചിട്ടുള്ള 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആണ്.

**കണ്ണൂർ സർവകലാശാല**

2024-25 അധ്യയന വർഷം മുതൽ കണ്ണൂർ സർവകലാശാലയിൽ ചുവടെ പറയുന്ന പഞ്ചവത്സര

ഇന്റഗ്രേറ്റഡ് PG കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സർവകലാശാല തലത്തിൽ സ്വീകരിച്ചിട്ടുണ്ട് :

- Physical Science
- Computational Science
- Clinical Psychology
- Anthropological Sciences
- Physical Education and Sports
- Integrated MCom

**കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്)**

2024-25 അദ്ധ്യയന വർഷം മുതൽ കുസാറ്റിൽ ആരംഭിക്കുന്ന കോഴ്സുകൾ ചുവടെ ചേർക്കുന്നു :

- എം. എസ്. സി. മറൈൻ ജീനോമിക്സ്
- ബി. എസ്. സി. കമ്പ്യൂട്ടർ സയൻസ് എൽ.എൽ.ബി.
- എക്സിക്യൂട്ടീവ് എം.ടെക്ക്
- എക്സിക്യൂട്ടീവ് എം.ബി.എ.

**നുവാൽസ്**

നുവാൽസിൽ Five Year B.A. LL.B. (Hons.) Degree Course, One Year LLM, Integrated LL.M. Ph.D., Executive LL.M. എന്നീ U.G. & P.G. കോഴ്സുകൾ നിലവിൽ ഓഫർ ചെയ്യുന്നു.

**എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല**

എ.പി.ജെ അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല 2024-25 അധ്യയന വർഷം നാല് വർഷത്തെ ബി.ബി.എ, ബി.സി.എ. എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നൂതന തൊഴിൽ നൈപുണ്യ സാധ്യതകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള Bachelor of Vocactional Studies പ്രോഗ്രാം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല**

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ നിലവിലെ 22 പ്രോഗ്രാമുകൾക്കൊപ്പം 2024 അക്കാദമിക വർഷം ചുവടെ പറയുന്ന 6 പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുവാൻ യുജിസി അനുമതി നൽകിയിട്ടുണ്ട് :

| | | | |
|---|---|---|---|
| | | | • ബി.സി.എ<br>• ബി.എ പൊളിറ്റിക്കൽ സയൻസ്<br>• ബി.എ സൈക്കോളജി<br>• ബി.എ നാനോ എന്റർപ്രെണർഷിപ്പ്<br>• എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ<br>• എം.എ പൊളിറ്റിക്കൽ സയൻസ് |
| (ബി) | കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കാലഘട്ടത്തിന് യോജിച്ച പുതിയ കോഴ്സുകൾ, തൊഴിലധിഷ്ഠിത കോഴ്സുകൾ എന്നിവ കോളേജ് തലത്തിൽ/ബിരുദതലത്തിൽ പഠിപ്പിക്കുന്നതിന് നാലുവർഷ ബിരുദ കോഴ്സുകളിൽ മുൻഗണന നൽകുമോ; വ്യക്തമാക്കുമോ; | (ബി) | കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കാലഘട്ടത്തിന് യോജിച്ച പുതിയ കോഴ്സുകൾ നാലുവർഷ ബിരുദ കോഴ്സുകളുടെ ഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഓരോ പ്രോഗ്രാമിലൂടെയും കോഴ്സുകളിലൂടെയും വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട ജ്ഞാനം, നൈപുണി, അഭിരുചി (knowledge, skill, aptitude) എന്നിവ ഉറപ്പുവരുത്തുക എന്നതിനാണ് പ്രാധാന്യം. വിദ്യാർത്ഥികളുടെ പശ്ചാത്തലവും അഭിരുചിയും കണക്കിലെടുത്ത് ആവശ്യമായ പഠനരീതികൾ അവലംബിക്കാൻ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നു.<br><br>ഉന്നത വിദ്യഭ്യാസ മേഖലയിലെ നൈപുണ്യ വിടവ് നികത്തുന്നതിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ ആരംഭിക്കുന്നതിനും എല്ലാ തലങ്ങളിലെയും ഉന്നത വിദ്യാഭ്യാസത്തിലേക്ക് നൈപുണ്യത്തെ സമന്വയിപ്പിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിംഗും നടത്തുന്നതിനായി Centre for Skill Development Courses and Career Planning (CSDCCP) എന്നൊരു കേന്ദ്രം സ്വയം പര്യാപ്ത രീതിയിൽ ആരംഭിക്കും. ഈ കേന്ദ്രങ്ങൾ വാഗ്ദാനം ചെയ്യുന്ന കോഴ്സുകൾ നിർദ്ദിഷ്ട പ്രാദേശിക/ വ്യവസായ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം സാധാരണ വിദ്യാർത്ഥികൾക്കും പൂർവ്വ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ വിവിധ തലത്തിലുള്ള നൈപുണി വികസനത്തിനും (skilling, upskilling, reskilling) പ്രത്യേക തൊഴിൽ പരിശീലനത്തിനും സഹായകരമാവുകയും ഇതുവഴി സംസ്ഥാനത്തെ മൊത്തത്തിലുള്ള ഉന്നത വിദ്യാഭ്യാസ പരിതസ്ഥിതിക്കും വിദഗ്ദ്ധ പ്രൊഫഷണലുകളുടെ വികസനത്തിനും സഹായകമാവുകയും ചെയ്യും. അക്കാദമിക് സൂക്ഷ്മതയ്ക്കൊപ്പം നൈപുണ്യ വികസനം ഉറപ്പാക്കുന്നതിന് FYUG പ്രോഗ്രാമുകളുടെ മൈനർ കോഴ്സുകൾക്ക് പകരമായി ഈ ഹ്രസ്വകാല |

| | | | |
|---|---|---|---|
| | | | നൈപുണ്യ വികസന കോഴ്സുകളിലൂടെ നേടിയ ക്രെഡിറ്റുകൾ ഉപയോഗിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കും. |
| (സി) | ഉന്നത വിദ്യാഭ്യാസ മേഖലയിലെ മൂല്യച്യുതി പരിഹരിക്കുന്നതിന് എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (സി) | ഉന്നതവിദ്യാഭ്യാസ രംഗത്ത് മൂല്യച്യുതി ഉണ്ടായതായി കരുതുന്നില്ല. എന്നാൽ, കാലാനുസൃതമായ മാറ്റങ്ങൾ ഈ മേഖലയിൽ ആവശ്യമാണ് എന്ന കാഴ്ചപ്പാടിൽ ഈ സർക്കാർ അധികാരം ഏറ്റെടുത്ത ഉടൻ തന്നെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി മൂന്നു കമ്മീഷനുകളെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മീഷനുകളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ വിവിധ പരിഷ്കരണ നടപടികൾ സ്വീകരിച്ചു വരികയാണ്. നിലവിൽ നടപ്പിലാക്കുന്ന പ്രധാന പരിഷ്കാരങ്ങൾ താഴെ വിശദീകരിക്കുന്നു :<br><br>• ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രാപ്യതയും തുല്യതയും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ വിദ്യാർത്ഥി പ്രവേശന നിരക്ക് വർദ്ധിപ്പിക്കുന്നതിനും ഭിന്നശേഷി വിദ്യാർത്ഥികളുടെയും, എസ് സി /എസ് ടി വിഭാഗക്കാരുടെയും പ്രവേശന നിരക്ക് വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• വിദ്യാർത്ഥികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി വിദ്യാർത്ഥി അവകാശ പത്രിക പ്രസിദ്ധീകരിക്കാനും അത് സർവകലാശാല നിയമത്തിന്റെ ഭാഗമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• സർവകലാശാല നിയമങ്ങൾ പരിഷകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• അന്തർ സർവകലാശാല മാറ്റം സുഗമമാക്കുന്നതിന് ക്രെഡിറ്റ് ബാങ്ക് അടക്കമുള്ള സംവിധാനങ്ങൾ സർവകലാശാലകളിൽ നടപ്പിലാക്കി വരുന്നു.<br>• രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള വിദ്യാർത്ഥികൾക്ക് കേരളത്തിലെ സ്ഥാപനങ്ങളിൽ തുടർപഠനം നടത്താനും ക്രെഡിറ്റ് ട്രാൻസ്ഫർ നടത്താനുമുള്ള നടപടിക്രമങ്ങൾ നിലവിൽ വന്നിട്ടുണ്ട്.<br>• ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർവകലാശാലകൾ, കോളേജുകൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ അക്കാദമിക്, ഭരണകാര്യങ്ങൾ ഒരു |

കടക്കീഴിലാക്കുന്നതിനായി "കേരള റിസോഴ്സ് ഫോർ എജ്യൂക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിങ്" അഥവാ 'കെ-റീപ്' എന്ന സമഗ്ര സോഫ്റ്റ് വെയർ വികസിപ്പിച്ചു വരുന്നു.

- സംസ്ഥാനത്തെ ശാസ്ത്ര, സാമൂഹിക, മാനവിക വിഷയങ്ങളിലെ ഗവേഷണപുരോഗതിക്കായി ഏഴോളം പുതിയ ഗവേഷണ സ്ഥാപനങ്ങൾ സെന്റർ ഓഫ് എക്സലൻസ് എന്ന നിലയിൽ സംസ്ഥാനത്ത് ഈ വർഷം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
- ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾക്കുമായും വിദേശ സന്ദർശനം നടത്തുന്നതിനും ആവശ്യമായ ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.
- സർവകലാശാല ക്യാമ്പസുകളോട് ചേർന്ന് സ്വതന്ത്ര സ്ഥാപനങ്ങളായി ഇൻറ്റർ യൂണിവേഴ്സിറ്റി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.
- സംസ്ഥാനത്ത് പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ, കോൺസ്റ്റിറ്റുവന്റ് കോളേജുകൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്.
- സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ അന്താരാഷ്ട്ര ഹോസ്റ്റലുകളടക്കം ആയിരത്തിയഞ്ഞൂറിൽപ്പരം ഹോസ്റ്റൽ മുറികൾ നിർമ്മിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.
- സംസ്ഥാനത്തെ സർവകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് ലാബുകൾ വികസിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.
- ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോട് ചേർന്ന് ഗവേഷണ പാർക്കുകൾ ആരംഭിക്കുന്നതിനും ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനൊപ്പവും ഓരോ സ്റ്റാർട്ടപ്പ് പാർക്ക് ആരംഭിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- സംസ്ഥാനത്തെ ബിരുദ, ബിരുദാനന്തര ബിരുദ കരിക്കുലം സമഗ്രമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

| | | | |
|---|---|---|---|
| | | | • 2024-'25 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ (FYUGP) പൂർണ്ണമായും നടപ്പിലാക്കും.<br>• സാങ്കേതിക വിദ്യാഭ്യാസരംഗത്തെ കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി എഞ്ചിനീയറിംഗ് കോളേജിലെ കരിക്കുലം പരിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2സെമസ്റ്ററുകൾ നീളുന്ന ഇന്റേൺഷിപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. പോളിടെക്നിക്കുകളിൽ കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി ഒരു സെമസ്റ്റർ ഇന്റേൺഷിപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പോളിടെക്നിക്കുകളിൽ Industry on Campus (IOC)-കൾ നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ